**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1768** 04.10.2016 - ൽ മറുപടിക്ക്

# കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.യു.ആർ.പ്രദീപ്** | **ശ്രീ. എ.സി.മൊയ്തീൻ (സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ഓണം ബക്രിദ് ചന്തകൾ വഴിയും , സൂപ്പർമാർക്കറ്റുകൾ വഴിയും, ത്രിവേണി സ്റ്റോറുകൾ വഴിയും എത്ര കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങളാണ് വില്പന നടത്തിയിട്ടുള്ളത്; | (എ) | കൺസ്യൂമർഫെഡറേഷന്റെ നേതൃത്വത്തിൽ ഓണം-ബക്രീദ് ചന്തകൾ വഴി 40.74 കോടി രൂപയും, സൂപ്പർ മാർക്കറ്റുകൾ/ത്രിവേണി സ്റ്റോറുകൾ വഴി 11.95 കോടി രൂപയും ഉൾപ്പെടെ 52.69 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് സബ് സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുള്ളത്; ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; മുൻഭരണകാലത്ത് തകർച്ചയിലായിരുന്നുവെന്ന് ആക്ഷേപമുള്ള കൺസ്യൂമർഫെഡിനെ വലിയ ജനോപകാരപ്രദമായ വിധത്തിൽ ഉയർത്തികൊണ്ടുവരാൻ കഴിഞ്ഞു എന്നതു സംബന്ധിച്ചുള്ള വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; | (ബി) | 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിയിട്ടുള്ളത്. |

| ക്രമ നമ്പർ | ഇനം |
|---|---|
| 1 | ജയ അരി |
| 2 | കുറുവ അരി |
| 3 | അരി മട്ട |
| 4 | പച്ചരി |
| 5 | പഞ്ചസാര |
| 6 | ചെറുപയർ |
| 7 | കടല |
| 8 | വൻപയർ |
| 9 | തുവരപ്പരിപ്പ് |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>10</td><td>ഉഴുന്ന്( ബോൾ)</td></tr>
<tr><td>11</td><td>മുളക്</td></tr>
<tr><td>12</td><td>മല്ലി</td></tr>
<tr><td>13</td><td>വെളിച്ചെണ്ണ</td></tr>
</table>
<br>
30 ലക്ഷം പേർ കൺസ്യൂമർ ഫെഡിന്റെ വിൽപ്പന ശാലയിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിൽ 15 ലക്ഷം പേർക്ക് സബ്സിഡി ആനുകൂല്യം ലഭ്യമായിട്ടുണ്ട് . ഈ വർഷത്തെ ഓണവിപണിയുടെ നടത്തിപ്പിലൂടെ കൺസ്യൂമർഫെഡിനെ ജനോപാകരപ്രദമായ വിധത്തിൽ ഉയർത്തി കൊണ്ടു വരാൻ കഴിഞ്ഞിട്ടുള്ളതും, കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഓണചന്തയുടെ വിൽപ്പനയിൽ 200%ത്തിലേറെ വളർച്ച നേടുവാൻ കഴിഞ്ഞിട്ടുള്ളതുമാണ്. മാർക്കറ്റ് വിലയേക്കാൾ ഗണ്യമായ വില കുറവിലാണ് പ്രാഥമിക സംഘങ്ങൾ വഴി ഓണചന്തകളിലൂടെ 13 ഇനം സബ്സിഡി സാധനങ്ങളും 26 ഇനം നോൺ സബ്സിഡി സാധനങ്ങളും വിൽപ്പന നടത്തിയത്. 15 ലക്ഷം ഉപഭോക്താക്കൾക്ക് 12061 ടൺക്ഷ്യവസ്തുക്കൾ (13 സബ്സിഡി ഇനങ്ങൾ) ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ 26 നോൺ സബ്സിഡി സാധനങ്ങൾ 15 ലക്ഷത്തോളം ജനങ്ങൾക്ക് 20 മുതൽ 70 ശതമാനം വരെ വിലക്കുറവിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>കൺസ്യൂമർഫെഡിനെ തുടർന്നും ജനോപകാരപ്രദമായ സ്ഥാപനമാക്കി നിലനിർത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>കൺസ്യൂമർഫെഡറേഷൻെറ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിച്ചും, അതു വഴി വിലക്കയറ്റത്തെ തടഞ്ഞു നിർത്തിയും , ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന ത്രിവേണികളുടെ സേവനം എത്തിച്ചും, 'ഇ-ടെൻഡർ' സംവിധാനം ഫലപ്രദമാക്കിയും, ജില്ലാ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഹ്രസ്വകാല വായ്പകൾ ശേഖരിച്ചും, കേന്ദ്രീകൃത പർച്ചേസ് സംവിധാനം കൊണ്ടുവന്നും, ഗോഡൗണുകളുടെ ശൃംഖല രൂപവൽക്കരിച്ചും, ഇ-കോമേഴ്സ് പദ്ധതി രൂപവത്ക്കരിച്ചും, സപ്ലൈക്കോ, ഹോർട്ടികോർപ്പ്, ഫ്രൂട്ട്സ് ആൻറ്</td>
</tr>
</table>

| | | | |
|---|---|---|---|
| | | | വെജിറ്റബിൾസ് പ്രൊമോഷൻ കൗൺസിൽ എന്നിവരുമായി ഒത്തു ചേർന്ന് പ്രവർത്തിച്ചും, മരുന്നു കമ്പനികളിൽ നിന്നും നേരിട്ട് മരുന്നു വാങ്ങി വില കുറച്ച് വിപണിയിൽ എത്തിച്ചും, സ്കൂൾ മാർക്കറ്റുകൾ സംഘടിപ്പിച്ചും, കൺസ്യൂമർഫെഡിനെ ജനോപകാരപ്രദമായ സ്ഥാപനമാക്കി നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ